"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 04/01/2024, 20/01/2024 തീയതികളിലെ യഥാക്രമം 22(1), 11(1) നമ്പർ തീരുമാനങ്ങൾ- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ പരിഗണയ്ക്ക് നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.950/2024/LSGD തീയതി,തിരുവനന്തപുരം, 31-05-2024

---

പരാമർശം:-

1. കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 04/01/2024 ലെ 22(1) നമ്പർ തീരുമാനം.
2. കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 20/01/2024 ലെ 11(1) നമ്പർ തീരുമാനം.
3. കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15/02/2024 ലെ എസ്.സി1/56/24 നമ്പർ കത്ത്
4. 21/03/2024 ലെ ഡിഇ3/70/2024-തസ്വഭവ നമ്പർ സർക്കാർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ നെയ്യാർ ഡാം ക്യാച്ച്മെന്റ് ഏരിയയിലെ ലൈഫ് ഗുണഭോക്താക്കൾക്ക് കെട്ടിട നിർമ്മാണാനുകൂല്യം നൽകുന്നതിന് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തികൊണ്ടുള്ള പരാമർശം 1 ഭരണ സമിതി തീരുമാനത്തിൽ ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ സാധിക്കാത്തവർക്ക് കെട്ടിട നിർമ്മാണാനുമതി നൽകാൻ സാധിക്കുക ഇല്ല എന്ന് പഞ്ചായത്ത് സെക്രട്ടറി വിയോജന കുറിപ്പ് രേഖപെടുത്തിയിരുന്നു. പരാമർശം 2 പ്രകാരം പഞ്ചായത്ത് ഭരണ സമിതി ടി തീരുമാനത്തിൽ ഉറച്ച് നിന്നതിനാൽ, ഈ വിഷയം കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ചട്ടം 182 (3) , 2003 ലെ പഞ്ചായത്ത് രാജ് ആക്ടിലെ ( നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽ സ്വീകരിക്കേണ്ട നടപടി ക്രമ ചട്ടം, ചട്ടം4(4) ) എന്നിവ പ്രകാരം നടപടിക്കായി

പഞ്ചായത്ത് സെക്രട്ടറി പരാമർശം 3 പ്രകാരം സർക്കാരിലേക്ക് റഫർ ചെയ്യുകയുണ്ടായി. കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ ഭരണസമിതിയുടെ തീരുമാനം താൽക്കാലികമായി നിർത്തിവയ്ക്കാൻ പരാമർശം 4 പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 04/01/2024, 20/01/2024 തീയതികളിലെ യഥാക്രമം 22(1), 11(1) നമ്പർ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191 (ബി) പ്രകാരം റദ്ദ് ചെയ്യുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി, കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) പ്രകാരമുള്ള റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുന്നതിനായി ഈ വിഷയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം , തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, കള്ളിക്കാട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 01-06-2024 12:43:31
സെക്ഷൻ ഓഫീസർ